# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 773 — 11.3.2015 - ൽ മറുപടിയ്ക്ക്

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ ആന്റ് മോഡേൺ ലബോറട്ടറി ബ്ലോക്ക് നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ ആന്റ് മോഡേൺ ലബോറട്ടറി ബ്ലോക്ക് നിർമ്മാണം (ഒന്നാംഘട്ടം) പൂർത്തീകരിച്ചത് എന്നാണ്; ഏതു ഫണ്ട് ഉപയോഗിച്ചാണ് നിർമ്മാണം നടത്തിയത്; എത്ര തുക ചെലവഴിച്ചു; വിശദാംശം നൽകുമോ; | എ) | 31.3.2013 - ന് ഒന്നാംഘട്ടം പൂർത്തീകരിച്ചു. കെ. എസ്. റ്റി. പി ഫണ്ടുപയോഗിച്ച് 253 ലക്ഷം രൂപ ചെലവഴിച്ചാണ് നിർമ്മിച്ചത് |
| ബി) | പ്രസ്തുത മന്ദിരത്തിന്റെ മുകളിലായി ഇപ്പോൾ നടക്കുന്ന നിർമ്മാണത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാം; അടങ്കൽ തുക, എന്തൊക്കെ സംവിധാനങ്ങൾക്കാണ് നിർമ്മാണം നടത്തുന്നത്, നിർമ്മാണം ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്, നിർമ്മാണം തുടങ്ങിയ തീയതി, പൂർത്തീകരിക്കുന്ന തീയതി തുടങ്ങിയവ വെളിപ്പെടുത്തുമോ; | ബി) | 2,01,00,495 രൂപയാണ് അടങ്കൽ തുക. എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് എച്ച്.എൽ.എൽ. മുഖാന്തിരം ഓപ്പറേഷൻ തീയറ്ററിന്റെ ഉൾവശം നവീകരിക്കൽ, ടോയ്ലറ്റ് ബ്ലോക്ക്, മൂന്നാം നിലയുടെ നിർമ്മാണം എന്നിവയാണ് നിർമ്മിക്കുന്നത്. 2014 സെപ്റ്റംബറിൽ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ 2015 മാർച്ചിൽ പൂർത്തീകരിക്കാൻ കഴിയും |
| സി) | ട്രോമാകെയർ സംവിധാനം കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും? | സി) | ട്രോമാകെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ